CAREERINDIA

No. of Printed Pages : **4**

**6813**

Register Number

# Language — Part I — MALAYALAM — Paper II

(Grammar, Composition and Non-detailed)

Time Allowed : 2½ Hours ] [ Maximum Marks : 100

**കുറിപ്പ് :** (1) അച്ചടിച്ചതിന്റെ ശുദ്ധത ഉറപ്പു വരുത്തുന്നതിനു വേണ്ടി ചോദ്യപേപ്പർ പരിശോധിക്കുക. ഏതെങ്കിലും തരത്തിലുള്ള കുഴപ്പമുണ്ടെങ്കിൽ ഉടനെ ഹാൾ സൂപ്പർവൈസറെ അറിയിക്കുക.

(2) എഴുതുവാനും അടിവരയിടുവാനും കറുപ്പോ നീലയോ നിറത്തിലുള്ള മഷിമാത്രം ഉപയോഗിക്കുക. ചിത്രങ്ങൾ വരയ്ക്കുവാൻ പെൻസിൽ ഉപയോഗിക്കാം.

**I.** നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക (പത്തെണ്ണത്തിന്) **10x2=20**

**1.** അവൾ നന്നായി പഠിച്ചു. പരീക്ഷയിൽ നല്ല മാർക്കു നേടി. (ഒറ്റവാക്യമാക്കുക)

**2.** അദ്ധ്യാപകൻ കുട്ടികളെ പഠിപ്പിച്ചു. (പ്രയോഗം മാറ്റുക)

**3.** ഞാൻ പരീക്ഷയിൽ ജയിച്ചു. (ഭാവികാല രൂപം എഴുതുക)

**4.** ഹാ ഇത് എത്ര മനോഹരമായ ചിത്രമാണ് - (ഉചിതമായ ചിഹ്നങ്ങൾ ചേർക്കുക)

**5.** കവി, ഭാര്യ (എതിർ ലിംഗം എഴുതുക)

**6.** വിശേഷണം എന്നാൽ എന്ത് ?

**7.** ചന്തനം, വിദ്യാർത്തി (തെറ്റു തിരുത്തുക)

**8.** കൃഷിപ്പണി, തണുപ്പുണ്ട് (പിരിച്ചെഴുതുക)

**9.** 'അമ്മയോട്' എന്ന പദം ഏത് വിഭക്തിയിൽ പെടുന്നു ?

[ Turn over

www.careerindia.com

CAREERINDIA



10. കൊണ്ടാടുക, നിസ്സഹായർ (വാക്യത്തിൽ പ്രയോഗിക്കുക)

11. ധീരയായ വനിത, ആദരവോട് കൂടി (ഒറ്റപ്പദമാക്കുക)

12. ശരിയായ പദം തെരെഞ്ഞെടുത്തെഴുതുക.
    (a) വിത്യാലയം (b) വിദ്യാലയം
    (c) ചന്ദ്രൻ (d) ചന്തിരൻ

II. (a) പിരിച്ചെഴുതി സന്ധികാര്യം വിവരിക്കുക. **4x2=8**

13. തിരുവാതിര

14. മടിശ്ശീല

15. കണ്ണീർ

16. കാറ്റടിച്ചു

(b) വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക. **5x2=10**

17. സാദരം

18. നവരസങ്ങൾ

19. കൊന്നത്തെങ്ങ്

20. ഗുരുശിഷ്യന്മാർ

21. സംസാര സാഗരം

III. (a) രണ്ട് അലങ്കാരത്തിന്റെ ലക്ഷണമെഴുതി ഉദാഹരിക്കുക. **2x3=6**

22. ഉപമ

23. ഉൽപ്രേക്ഷ

24. രൂപകം

www.careerindia.com

CAREERINDIA



(b) രണ്ട് വൃത്തത്തിന്റെ ലക്ഷണമെഴുതി ഉദാഹരിക്കുക. **2x3=6**

25. മഞ്ജരി

26. ഉപേരൂവജ്ര

27. കാകളി

**IV.** ഒന്നിനെക്കുറിച്ച് ഒന്നരപ്പുറത്തിൽ ആശയം വിപുലീകരിച്ച് എഴുതുക. **1x10=10**

28. 'മിന്നുന്നതെല്ലാം പൊന്നല്ല'

**അല്ലെങ്കിൽ**

29. ഐകമത്യം മഹാബലം

**V.** തന്നിരിക്കുന്ന ഖണ്ഡിക വായിച്ച് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. **5x1=5**

കുമാരനാശാന്റെ പ്രഖ്യാത കഥാപാത്രങ്ങൾ അദ്ദേഹത്തിന്റെ വ്യക്തിത്വത്തിലെ വൈരുദ്ധ്യങ്ങളും സംഘർഷങ്ങളും പേറുന്നവരാണ്. നളിനി, ലീല, സീത, മാതംഗി, വാസവദത്ത എന്നീ നായികമാരും ദിവാകരൻ, ആനന്ദൻ, ഉപഗുപ്തൻ എന്നീ നായകന്മാരും കുമാരനാശാന്റെ തന്നെ വ്യക്തിത്വത്തിലെ ദ്വന്ദ്വഭാവങ്ങളുടെ പ്രതീകങ്ങളായി മാറുന്നു. കുട്ടിക്കാലം മുതൽ തന്നിലുണ്ടായ ജീവിത വിരക്തിയെ കീഴടക്കിയ ജീവിത രതിയുടെ പ്രതീകങ്ങളാണ് നായികമാർ. സന്യാസ ജീവിതത്തോട് തനിക്കുണ്ടായ ഉത്ക്കടമായ അഭിലാഷം വ്യക്തി ജീവിതത്തിൽ നിറവേറ്റാനാവാത്തതിൽ നായകന്മാരിലൂടെ അതു സാക്ഷാത്ക്കരിക്കുവാനാണ് അദ്ദേഹം ശ്രമിച്ചിട്ടുള്ളത്. തന്റെ ജീവിതാഭിലാഷത്തെ തകർത്തുകളയുകയും പൊതു ജീവിതത്തിൽ അല്പമൊന്നു താഴ്ത്തുകയും ചെയ്ത ജീവിതരതിയുടെ പ്രതീകങ്ങളുടെ നാശം കൊണ്ടേ കവിമനസ്സ് സ്വാസ്ഥ്യം കൊള്ളുന്നുള്ളൂ. സന്യാസിവര്യന്മാരെ ജീവിക്കാനനുവദിച്ച് തന്റെ ജീവിതത്തിൽ നഷ്ടപ്പെട്ടത് ആശാൻ മാനസികമായി നേടുന്നു. കുമാരനാശാന്റെ കാവ്യങ്ങളിൽ ഇഴുകിച്ചേർന്നു കിടക്കുന്ന താത്വിക പ്രശ്നങ്ങൾക്ക് ഇത്തരത്തിലുള്ള അഗാധമായ അടിയൊഴുക്കുകളുണ്ട്.

30. കുമാരനാശാന്റെ പ്രഖ്യാത കഥാപാത്രങ്ങൾ എങ്ങനെയുള്ളവരാണ് ?

31. ആശാന്റെ കവിതകളിലെ നായികമാർ ആരെല്ലാം?

32. എന്തിന്റെ പ്രതീകങ്ങളാണ് ആശാന്റെ നായികമാർ ?



www.careerindia.com

CAREERINDIA



33. ആശാന്റെ കവിതകളിൽ ഇഴുകിച്ചേർന്നു കിടക്കുന്നതെന്ത് ?

34. ആശാൻ മാനസികമായി നേടുന്നതെന്ത് ?

VI. 35. (a) നിങ്ങളുടെ പിറന്നാളിന് സുഹൃത്തിനെ ക്ഷണിച്ചുകൊണ്ട് ഒരു കത്തെഴുതുക. 1x10=10

**അല്ലെങ്കിൽ**

(b) നിങ്ങളുടെ വിദ്യാലയത്തിൽ നടന്ന സ്കൂൾ വാർഷിക ദിനത്തെക്കുറിച്ച് സുഹൃത്തിന് ഒരു കത്തെഴുതുക.

VII. ഒരു കഥയുടെ ആസ്വാദനം രണ്ടുപുറത്തിൽ കവിയാതെ എഴുതുക. 1x15=15

36. നെയ്പ്പായസം

37. നിന്റെ ഓർമ്മയ്ക്ക്

38. അമ്മ തുറക്കുന്ന വാതിൽ

VIII. ഒരു വിഷയത്തെക്കുറിച്ച് ഒന്നരപ്പുറത്തിൽ കവിയാതെ ഉപന്യസിക്കുക. 1x10=10

39. പ്രകൃതി സംരക്ഷണം

40. വിദ്യാർത്ഥികളും അച്ചടക്കബോധവും

41. വിദ്യാഭ്യാസത്തിൽ മാതൃഭാഷയ്ക്കുള്ള സ്ഥാനം

- o O o -

www.careerindia.com